# ദേവസ്വംബോർഡുകളുടെ ഭരണത്തിൽ സർക്കാരിനുള്ള പങ്ക് എന്ത്?

കേന്ദ്രസർക്കാരും തിരുവിതാംകൂർ-കൊച്ചി മഹാരാജാക്കന്മാരും തമ്മിൽ 1949 മെയ് മാസം ഒപ്പുവച്ച കവനന്റ് പ്രകാരമാണ് തിരുവിതാംകൂർ-കൊച്ചി ദേവസ്വം ബോർഡുകൾ രൂപീകൃതമായത്. അതനുസരിച്ച് 1949 ആഗസ്റ്റ് ഒന്നിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് നിലവിൽ വന്നു. ബോർഡിൽ മൂന്നംഗങ്ങളാണ് കവനന്റ് പ്രകാരം വിഭാവനം ചെയ്തിരുന്നത്. ഒരംഗത്തെ തിരുവിതാംകൂറിന്റെ ഭരണാധികാരിയും, ഒരംഗത്തെ മന്ത്രിസഭയിലെ ഹിന്ദുമന്ത്രിമാരും നോമിനേറ്റ് ചെയ്യുകയും, ഒരംഗത്തെ നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തിരഞ്ഞെടുക്കുകയും ചെയ്യണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. തിരുവിതാംകൂർ ഭരണാധികാരിയുടെ പ്രതിനിധിയെന്നുള്ളത് പിന്നീട് 1970 കാലഘട്ടത്തിൽ ഇത് ഭേദഗതി ചെയ്ത് രണ്ട് അംഗങ്ങളെ മന്ത്രിസഭയിലെ ഹിന്ദുമന്ത്രിമാർ നോമിനേറ്റ് ചെയ്യണമെന്നാക്കി മാറ്റി. കവനന്റ് പ്രകാരം 1949 ആഗസ്റ്റ് ഒന്നിന് രൂപീകൃതമായ ആദ്യത്തെ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പ്രസിഡന്റ് ശ്രീ മന്നത്ത് പത്മനാഭൻ ആയിരുന്നു.

കവനന്റിന്റെ അടിസ്ഥാനത്തിൽ 1950-ൽ തിരുവിതാംകൂർ-കൊച്ചി ഹിന്ദുമതസ്ഥാപന നിയമം കൊണ്ടുവരുകയുണ്ടായി. ഈ നിയമം അനുസരിച്ച് ദേവസ്വം ബോർഡിൽ മൂന്നംഗങ്ങളാണുള്ളത്. രണ്ടംഗങ്ങളെ മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ നോമിനേറ്റ് ചെയ്യുകയും ഒരംഗത്തെ നിയമസഭയിലെ ഹിന്ദു അംഗങ്ങൾ തിരഞ്ഞെടുക്കുകയും ചെയ്യുന്നു. അംഗങ്ങളിലൊരാളെ മന്ത്രിസഭയിലെ ഹിന്ദു അംഗങ്ങൾ പ്രസിഡന്റായി നോമിനേറ്റ് ചെയ്യുന്നു. ആക്ട് അനുസരിച്ച് അംഗങ്ങളുടെ കാലാവധി 1950 മുതൽ 2007 വരെ നാലുവർഷമായിരുന്നു. 2007-ൽ ഇത് മൂന്ന് വർഷമായി കുറച്ച്, ആക്ടിന് ഭേദഗതി വരുത്തി. 2018-ൽ ഇതുവീണ്ടും രണ്ടുവർഷമായി കുറച്ചിരിക്കുകയാണ്.

ബോർഡ് അംഗങ്ങളാകുന്ന വ്യക്തികൾ ഹിന്ദുമതത്തിൽപ്പെട്ടവരും, ദൈവത്തിലും ക്ഷേത്രാരാധനയിലും വിശ്വസിക്കുന്നവരുമായിരിക്കണമെന്ന് വ്യവസ്ഥയുണ്ട്. ചുമതലയേൽക്കുന്നതിന് മുമ്പ് ഇപ്രകാരം ഒരു സത്യപ്രതിജ്ഞ അവർ നടത്തേണ്ടതുണ്ട്. കൂടാതെ, 14.10.1999ലെ ബഹു.ഹൈക്കോടതിയുടെ അഞ്ചംഗ ബഞ്ചിന്റെ വിധിയിൽ അംഗങ്ങളായി നിയോഗിക്കപ്പെടുന്നവർ രാഷ്ട്രീയക്കാരായിരിക്കരുതെന്ന് സൂചിപ്പിച്ചിട്ടുമുണ്ട്. അതിനാൽ, അംഗങ്ങളാകുന്നതിനുമുമ്പ് തങ്ങൾ സജീവരാഷ്ട്രീയപ്രവർത്തകരല്ലായെന്ന് ഒരു പ്രതിജ്ഞയും എടുക്കേണ്ടതുണ്ട്. എന്നാൽ, ഇക്കാര്യത്തിൽ നിലവിലെ ബോർഡ് അംഗങ്ങളുടെ അവസ്ഥ എന്താണെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു.

ആക്ടിലെ സെക്ഷൻ 4 അനുസരിച്ച് പ്രസിഡന്റിനെയും അംഗങ്ങളെയും നിയമിക്കുകയെന്ന ഒരു അധികാരം മാത്രമേ സർക്കാരിനുള്ളൂ. കൂടാതെ, ബോർഡ് തയ്യാറാക്കുന്ന ചട്ടങ്ങൾക്ക് അംഗീകാരം നൽകുകയെന്ന ഒരു ഭേദഗതി 2013-ൽ വരുത്തുകയുണ്ടായി. ഇപ്രകാരം പ്രസിഡന്റിനെയും അംഗങ്ങളെയും നിയമിക്കുകയെന്ന ഒരു അധികാരമൊഴികെ ദൈനംദിനപ്രവർത്തനങ്ങളിൽ ഇടപെടാനോ, ബോർഡ് പിരിച്ചുവിടാനോ, അംഗങ്ങൾക്കെതിരെ നടപടി സ്വീകരിക്കാനോ സർക്കാരിന് അധികാരമില്ല. നടപടി സ്വീകരിക്കാനുള്ള അധികാരം ആക്ടിലെ സെക്ഷൻ-9 അനുസരിച്ച് ഹൈക്കോടതിക്കാണുള്ളത്.

യഥാർത്ഥത്തിൽ, ബോർഡിന്റെ ഭരണകാര്യത്തിൽ നിർദ്ദേശം നൽകാനുള്ള അധികാരം സർക്കാരിനോ, നിർദ്ദേശം നൽകിയാൽത്തന്നെ അത് അനുസരിക്കാനുള്ള ബാധ്യത ബോർഡിനോ ഇല്ലെന്നിരിക്കെ, സർക്കാരിന്റെയും തിരുവിതാംകൂർ ദേവസ്വംബോർഡിന്റെയും ഇപ്പോഴത്തെ നിലപാട് ശരിയാണോയെന്ന് ചിന്തിക്കേണ്ടതുണ്ട്.